"ഭരണഭാഷ-മാതൃഭാഷ"

No.: DWCD/1643/2026-ICDSA4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 19-03-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഷിഗെല്ല രോഗ വ്യാപനം അങ്കണവാടികളിൽ സ്വീകരിക്കേണ്ട മാർഗ്ഗ നിർദേശം -സംബന്ധിച്ച്:-

സൂചന:- 1. കോഴിക്കോട് പ്രോഗ്രാം ഓഫീസറുടെ 18/03/2026 തീയതിയിലെ ICDS/KGM/A2/227/2026 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോഴിക്കോട് ജില്ലയിൽ ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അങ്കണവാടി കുട്ടികളുടെ സുരക്ഷയ്ക്കായി അങ്കണവാടി കേന്ദ്രങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടി കുട്ടികൾക്ക് ഷിഗെല്ല രോഗ ലക്ഷണങ്ങൾ പ്രകടമായാൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ അറിയിച്ചു നടപടി സ്വീകരിക്കേണ്ടതാണ് .

2. ഷിഗെല്ല റിപ്പോർട്ട് ചെയ്ത അങ്കണവാടി താത്കാലികമായി പ്രവർത്തനം നിറുത്തി വയ്ക്കേണ്ടതും ആരോഗ്യ വകുപ്പ് നല്കുന്ന നിർദേശം അനുസരിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതുമാണ്.

3. ഇത്തരം സാഹചര്യങ്ങളിൽ ജില്ലാഭരണകൂടത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്

5. അങ്കണവാടി അടച്ചിടുന്ന സാഹചര്യങ്ങളിൽ ഗുണഭോക്താക്കൾക്ക് RAW FOOD നല്കേണ്ടതാണ്.

5. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുട്ടികൾക്ക് കുടിയ്ക്കാനായി നല്കാൻ പാടുള്ളൂ. അവർ ആവശ്യത്തിന് വെള്ളം കുടിയ്ക്കുന്നുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്.

6. അങ്കണവാടിയിൽ ആഹാരം പാകം ചെയ്യുമ്പോഴും വിതരണം ചെയ്യുമ്പോഴും കൃത്യമായ ശുചിത്വം പാലിക്കുന്നതിന് അങ്കണവാടി ജീവനക്കാർ ശ്രദ്ധ ചെലുത്തേണ്ടതാണ് .

6. ഷിഗെല്ല രോഗ ലക്ഷണം മനസ്സിലാക്കുന്നതിനായി അങ്കണവാടി പ്രവർത്തകർക്ക് ആരോഗ്യ വകുപ്പ് മുഖേന പരിശീലനം നല്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ നടപടി

സ്വീകരിക്കേണ്ടതാണ്.

7. അങ്കണവാടി പ്രവത്തകരും ഇത്തരം രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ സ്വീകരിക്കേണ്ടതാണ് .

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :-

1. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
2. ബന്ധപ്പെട്ട ജീവനക്കാർ ക്കും